## ഇന്ത്യൻ സമൂഹശാസ്ത്ര വൈജ്ഞാനികതയുടെ  സൈദ്ധാന്തിക പരിസരം

കൊളോണിയൽ  വിദ്യാഭ്യാസത്തിന്റെ സന്ദർഭത്തിലാണ് സമൂഹശാസ്ത്രം പോലുള്ള ഒരു വിജ്ഞാന  പദ്ധതിയുമായി ഇന്ത്യാക്കാർ  സമ്പർക്കത്തിൽ  വരുന്നത്. എന്നാൽ ഏറെ വൈകാതെ  പശ്ചാത്യമായ  വിചാര  മാതൃകകൾ   പിൻപറ്റുമ്പോഴും  ഇന്ത്യൻ സഹചര്യത്തിനനുസരിച്ച്  ഒരു വിഷയമായി സമൂഹശാസ്ത്രത്തെ പരിവർ ത്തിക്കുന്നതിൽ തദ്ദേശീയരായ  പണ്ഡിതർ   വലിയ  തോതിൽ   വിജയിച്ചു  .  കൊളോണിയൽ കാലത്തുതന്നെ ബോംബെ, കൽക്കട്ട, ലക്നൌ, മൈസൂർ, ഒസ്മാനിയ, പൂനെ എന്നീ സർവകലാശാലകളിൽ  സമൂഹശാസ്ത്രം  ഒരു  പഠനവിഷയമായി അവതരിപ്പിക്കപ്പെട്ടിരുന്നു. സ്വതന്ത്ര്യാനന്തരം സ്ഥാപിക്കപ്പെട്ട മിക്കവാറും  എല്ലാ സർ വകലാശാലകളിലും സമൂഹശാസ്ത്രവിഭാഗങ്ങൾ ആരംഭിച്ചു. ജി. എസ്സ് .ഘുര്യെ, രാധകമൽ മുഖർജി, ഡി. പി.  മുഖർജി, ശ്രീനിവാസ്,ബി.എൻ സീൽ, എ.എഫ് വാദിയ, മജ്ജും ദാർ, ഐരാവാതി  കാർവേ   തുടങ്ങി  പ്രമുഖ  ഇന്ത്യൻ  സമൂഹശാസ്ത്രജ്ഞർ സമൂഹശാസ്ത്രവിജ്ഞാനത്തിന്റെ അക്കാദമികവും  സ്ഥാപനവൽകൃതവുമായ  വളർച്ചയിൽ പ്രധാന പങ്ക് വഹിച്ചു. പാശ്ചാത്യസിദ്ധാന്തങ്ങളെ ഇന്ത്യൻ സന്ദർഭത്തിൽ വ്യാഖ്യാനിക്കുക വഴി ഇന്ത്യയിലെ ജാതി, മതം, ഗ്രാമീണ ജീവിതം തുടങ്ങി നിരവധി സാമൂഹ്യവിഷയങ്ങളെ ആഴത്തിൽ പഠനവിധേയമാക്കുകയും ഇന്ത്യൻ സന്ദർഭത്തിൽ പുതിയ ആശയങ്ങൾ രൂപപ്പെടുത്തുകയും  ചെയ്തു.   പാശ്ചാത്യ  വിജ്ഞാനശാഖയുടെ  പകർപ്പ്  എന്ന് വിമർശിക്കപ്പെട്ടപ്പോഴും പാശ്ചാത്യസൈദ്ധാന്തിക  കാഴ്ചപ്പാടുകളിലൂന്നി  ഇന്ത്യൻ സാമൂഹ്യ സാഹചര്യങ്ങളെ പഠിക്കുന്നതിനുള്ള മാതൃക സ്വീകരിച്ചത് സമൂഹശാസ്ത്രധാരയെ കൂടുതൽ വിപുലമാക്കി.  ഇന്ത്യൻ സവിശേഷ സാഹചര്യങ്ങളെ   മുൻനിർത്തിയുള്ള പഠനങ്ങൾ

പുത്തനാശയങ്ങളെ കണ്ടെത്തുന്നതിന് പ്രചോദനമായി. ഇന്ത്യയിലെ സമൂഹശാസ്ത്രം വളർച്ച പ്രാപിക്കുന്നതിൽ പ്രധാന പങ്കുവെച്ച സൈദ്ധാന്തിക വീക്ഷണങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രബന്ധങ്ങളാണ് "സമീക്ഷയുടെ" വരും ലക്കത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്. ഇന്ത്യൻ സമൂഹശാസ്ത്രം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച ചരിത്രാ ത്മക സമീപനം(Historical perspective), പാഠകേന്ദ്രീകൃതം(Indological), ധർമ്മാധിഷ്ഠിത ഘടനാവാദം(structural functionalism),മാർക്സിസം(Marxism), ശ്രേണീകരണ വീക്ഷണങ്ങൾ (Stratification perspective) സംസ്കാരാധിഷ്ഠിത വീക്ഷണങ്ങൾ(CivilizationalPerspective),നാഗരികവീക്ഷണങ്ങൾ(UrbanPerspectives)കോളനിയനന്തര- ഉത്തരാധുനിക വീക്ഷണങ്ങൾ ((Postcolonial and postmodern Perspective), കീഴാള വീക്ഷണങ്ങൾ (Subaltern perspective) സമകാലവിമർശനാത്മക ആഗോള വീക്ഷണങ്ങൾ(Contemporary crtical global perspectives) തുടങ്ങിയ വീക്ഷണങ്ങളെ ആഴത്തിൽ അപഗ്രഥിക്കുന്ന ലേഖനങ്ങളാണ് പ്രസ്തുത ലക്കത്തിൽ ഉൾപ്പെടുത്താനഗ്രഹിക്കുന്നത്.

താൽപ്പര്യമുള്ളവർ തങ്ങളുടെ രചനകൾ നവംബർ 30-താം തിയതിക്ക് മുമ്പ് sameekshajournal@gmail.comഎന്ന വിലാസത്തിൽ അയക്കാൻ താൽപ്പര്യപ്പെടുന്നു .

**ലേഖകരുടെ ശ്രദ്ധയ്ക്ക്**

സമീക്ഷ സോഷ്യോളജി ഗവേഷണ ജേണലിലേക്ക് പ്രബന്ധം തയ്യാറാക്കുമ്പോൾ താഴെപറയുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. A4 പേപ്പറിലായിരിക്കണം പ്രബന്ധം തയ്യാറാക്കേണ്ടത്.
2. (ISM സോഫ്റ്റ് വെയർ) ML – Revathi ലിപിയിലായിരിക്കണം മലയാളം പ്രബന്ധം.
3. വരികൾ തമ്മിൽ 1.5 ഇടയകലം (Space) പ്രബന്ധത്തിലുടനീളം പാലിക്കണം.
4. ശീർഷകവും ഉപശീർഷകവും ഖണ്ഡികയും കഴിഞ്ഞ് രണ്ട് ഇടയകലമുണ്ടായിരിക്കണം.
5. ശീർഷകം 14 പോയിന്റിലും, ഉപശീർഷകവും പ്രബന്ധശരീരവും 12 പോയിന്റിലും ആയിരിക്കണം.

6. A4 പേപ്പറിന്റെ നാലുവശവും ഒരിഞ്ച് വലിപ്പത്തിലുള്ള അതിർത്തി നിർണയിക്കണം.
7. പേജ് നമ്പർ താഴെ വലതുവശത്ത് ചേർക്കണം.
8. വാക്യാന്ത്യത്തിൽ ബിന്ദുഒഴിച്ച് മറ്റു ചിഹ്നനം ഒഴിവാക്കുക.
9. ചിഹ്നനത്തിനുശേഷം 1 ഇടയകലം (Space) പാലിക്കണം.
10. ചിത്രം, പട്ടിക, ഭൂപടം എന്നിവ പ്രത്യേകം പേജിൽ കൊടുക്കണം.
11. കുറിപ്പുകളും ഗ്രന്ഥസൂചിയും പ്രബന്ധാവസാനം നൽകുക..
12. പ്രബന്ധം സമർപ്പിക്കുമ്പോൾ താഴെപറയുന്ന ക്രമം പാലിക്കണം

പുറം 0 പ്രബന്ധത്തിന്റെ പേര്, 14 പോയിന്റിൽ

പ്രബന്ധരചയിതാവിന്റെ/പ്രബന്ധരചയിതാക്കളുടെ പേരും മേൽവിലാസവും

ഇ–മെയിൽ വിവരങ്ങൾ

പുറം 1 ശീർഷകം, 14 പോയിന്റിൽ

100 വാക്കിൽ കവിയാതെയുള്ള പഠനസംഗ്രഹം

പ്രധാനപ്പെട്ട നാലോ അഞ്ചോ താക്കോൽ വാക്കുകൾ (Key Words)

പുറം 2 പ്രബന്ധശരീരം

പുറം – അനുബന്ധം

പുറം – ചിത്രം, പട്ടിക, ഭൂപടം, മറ്റ് അനുബന്ധം തുടങ്ങിയവ കൃത്യമായി നമ്പറിട്ട് പ്രബന്ധശരീരത്തിൽ കാണിക്കേണ്ടതാണ്.

പരാമർശം നൽകുന്നത് സംബന്ധിച്ച്

1. ദേശ്പാണ്ഡെ, സതീഷ്. 2013. സമകാലിക ഇന്ത്യ. തൃശ്ശൂർ: ശാസ്ത്രസാഹിത്യപരിഷത്ത്.
2. Deshpande, Satish, 1999, Contemporary India. New Delhi: Penguin

<u>പ്രബന്ധം അംഗീകരിക്കൽ</u>

ഓരോ പ്രബന്ധവും അതതുമേഖലകളിലെ വിദഗ്ധരുടെ പരിശോധനയ്ക്കുശേഷമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും പ്രസിദ്ധീകരണയോഗ്യത നേടുന്നത്.

<u>അഭിപ്രായങ്ങളും നിർദ്ദേശങ്ങളും</u>

**സമീക്ഷ സോഷ്യോളജി ഗവേഷണ ജേണൽ,**

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, അക്ഷരം കാമ്പസ്, വാക്കാട് പി. ഒ.,**

**തിരൂർ, മലപ്പുറം, കേരളം – 676 502.**

അന്വേഷണങ്ങൾ – **പ്രസിദ്ധീകരണവിഭാഗം,**

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല**